(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്ന സാങ്കേതിക സഹകരണ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം ; വിശദീകരിക്കുമോ ;

(ബി) ഈ സ്ഥാപനങ്ങൾ പൂർത്തിയാക്കാൻ എന്തു തുക വേണ്ടിവരുമെന്നാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇവയ്ക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ എന്തു തുകയാണ് വക കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കായംകുളം കേന്ദ്രമാക്കി ഒരു സഹകരണ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുവാനുള്ള സാധ്യതകളെപ്പറ്റി ഗവൺമെന്റ് ആരായുമോ ?

ഉത്തരം

(എ) കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം. എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ എഞ്ചിനീയറിംഗ് കോളേജുകളും എറണാകുളം ജില്ലയിൽ ഒരു എം.ബി.എ കോളേജും തുടങ്ങുന്നതിന് കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ ഉദ്ദേശിക്കുന്നു. വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് കഴിഞ്ഞ അദ്ധ്യയന വർഷം തന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശം 125 കോടി രൂപ, ഒരു എഞ്ചിനീയറിംഗ് കോളേജിന് 13 കോടി രൂപ എം.ബി.എ കോഴ്സിനുള്ള കമ്മ്യൂണിറ്റി കോളേജിന് 2 കോടി രൂപ എന്നിങ്ങനെയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) അക്കാദമിക്ക് ഈ വർഷം 50 കോടി രൂപ നൽകുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) കായംകുളത്ത് എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനായി എ.ഐ.സി.റ്റി.ഇ-യുടെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

സഹകരണമേഖലയിലെ മെഡിക്കൽ കോളേജ്

99 (939) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പുതിയ സഹകരണ മെഡിക്കൽ കോളേജിന് ഇന്ത്യ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് എന്നാണ് അപേക്ഷിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ അദ്ധ്യയന വർഷത്തിൽ കുട്ടികൾക്ക് പ്രവേശനം കൊടുക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ; കഴിയുമെങ്കിൽ എത്ര കുട്ടികൾക്ക് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി). സഹകരണ അക്കാദമിയുടെ കീഴിൽ കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് കളമശ്ശേരിയിൽ 60 ഏക്കർ സ്ഥലം സർക്കാർ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ആവശ്യമായ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ വർഷം (2000-2001) തന്നെ അദ്ധ്യയനം ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു. യോഗ്യരായ അദ്ധ്യാപകരെ നിയമിച്ചുകഴിഞ്ഞു. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതിയോടനുബന്ധിച്ചുള്ള പരിശോധന ഈ മാസം നടക്കുന്നുണ്ട്.

(സി) 19-1-2000-ൽ

(ഡി) ഈ അദ്ധ്യയന വർഷത്തിൽ 100 കുട്ടികൾക്ക് പ്രവേശനം കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നീതിസ്റ്റോറുകളുടെ ലാഭനഷ്ടക്കണക്ക്

100 (940) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നീതിസ്റ്റോറുകൾ ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) ലാഭത്തിലാണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭം എത്ര ;

(സി) നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്ര ;

(ഡി) നഷ്ടം വരുത്തുന്ന സ്റ്റോറുകളെ ലാഭത്തിലാക്കാൻ എന്തു നടപടി സ്വീകരിച്ചു ; വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) നീതിസ്റ്റോറുകൾ ലാഭവും നഷ്ടവും ഇല്ലാതെ പ്രവർത്തിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവർത്തനത്തിനിടയിൽ ചെറിയ ലാഭമോ ചെറിയ നഷ്ടമോ ഉണ്ടാവാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 364 സ്റ്റോറുകൾ ലാഭത്തിലും 515 സ്റ്റോറുകൾ നഷ്ടത്തിലുമാണ് എന്ന് ഒരു പ്രാഥമിക കണക്കു പ്രകാരം കണ്ടിട്ടുണ്ട്. കൃത്യമായ കണക്കുകൾ ബന്ധപ്പെട്ട സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്കേ പൂർത്തിയാകൂ.

LIBRARY ARCHIVES Kerala Legislative Assembly